പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1233 **15-10-2026-ൽ മറുപടിയ്ക്ക്**

ശാസ്ത്രപഠനം ഫലപ്രദമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) എട്ടാം ക്ലാസിൽ ശാസ്ത്രവിഷയം അടിസ്ഥാന ശാസ്ത്രം എന്ന ഏകവിഷയമായി അവതരിപ്പിക്കുന്ന നിലവിലെ രീതിയിൽ വിദ്യാർത്ഥികൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ ശാസ്ത്രശാഖകളുടെ അടിസ്ഥാന ആശയങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നതിനും ഓരോ ശാസ്ത്രശാഖയ്ക്കും ആവശ്യമായ പ്രായോഗിക പഠനാനുഭവം ലഭിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിവയുടെ പരസ്പരബന്ധം തിരിച്ചറിഞ്ഞ് ശാസ്ത്രത്തെ സമഗ്രമായി പഠിക്കുന്നതിനും, ശാസ്ത്രീയചിന്തയും അന്വേഷണശേഷിയും വളർത്തുന്നതിനുമായാണ് എട്ടാം ക്ലാസിൽ അടിസ്ഥാനശാസ്ത്രം എന്ന ഏകവിഷയം ഉൾപ്പെടുത്തിയിട്ടുള്ളത്. കെ.സി.എഫ് 2023 വിഭാവനം ചെയ്യുന്നതനുസരിച്ച് ശാസ്ത്രത്തിന്റെ രീതിശാസ്ത്രം സ്വായത്തമാക്കുകയും ശാസ്ത്രീയ മനോഭാവം ആർജിക്കുകയും ചെയ്യാൻ കുട്ടികളെ സഹായിക്കുന്നതാകണം ശാസ്ത്ര വിദ്യാഭ്യാസം. ഇതനുസരിച്ച് ശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാനും അവയുടെ പ്രായോഗികവശങ്ങൾ അനുഭവിച്ചറിയാനും നിരവധി സംവിധാനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ **അനുബന്ധമായി** ചേർക്കുന്നു.

(ബി) ശാസ്ത്രപഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി പാഠ്യപദ്ധതി, പഠനസമയം, ലാബ് സൗകര്യങ്ങൾ എന്നിവയിൽ ആവശ്യമായ പരിഷ്കാരങ്ങൾ പരിഗണിക്കുമോ; വിശദമാക്കാമോ?

മറുപടി: കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 അനുസരിച്ചുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിനിമയം ചെയ്തുവരുന്നു. തൽസ്ഥിതി വിലയിരുത്തി ശാസ്ത്രപഠനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പാഠ്യപദ്ധതി, പഠനസമയം, ലബോറട്ടറി സൗകര്യങ്ങൾ എന്നിവയിൽ ആവശ്യമായ പരിഷ്കാരങ്ങൾ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ശാസ്ത്രപഠനത്തിലെ പ്രായോഗിക സംവിധാനങ്ങൾ

1. പ്രവർത്തനാധിഷ്ഠിത പഠനം (ആക്ടിവിറ്റി ബേസ്ഡ് ലേണിങ്)

ശാസ്ത്ര ആശയങ്ങൾ പാഠപുസ്തകത്തിനുള്ളിൽ മാത്രം ഒതുങ്ങാതെ സ്വന്തമായി പരീക്ഷണങ്ങൾ ചെയ്തും നിരീക്ഷണങ്ങൾ നടത്തിയും അറിവ് നിർമ്മിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

2. ലബോറട്ടറി പരിശീലനം

ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ ശാസ്ത്രശാഖകൾക്കായി സ്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്ന ലാബുകൾ വഴി ശാസ്ത്രപഠനത്തെ കൂടുതൽ പ്രായോഗിക പഠനാനുഭവമാക്കി മാറ്റുന്നു.

3. അന്വേഷണാത്മക പ്രൊജക്ടുകൾ, സംവാദങ്ങൾ, സെമിനാർ, പാനൽ ചർച്ചകൾ

അടിസ്ഥാനശാസ്ത്രത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവിധ വിഷയങ്ങളെ ആസ്പദമാക്കി ശാസ്ത്ര അന്വേഷണങ്ങൾ നടത്താനുതകുന്ന പഠനതന്ത്രങ്ങളെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4 വിവരസാങ്കേതികവിദ്യ

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ സങ്കീർണമായ ശാസ്ത്ര പ്രതിഭാസങ്ങളും ശാസ്ത്ര ആശയങ്ങളും മറ്റും ദൃശ്യവൽക്കരിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു. ICT അധിഷ്ഠിതമായ ശാസ്ത്രപഠനം അടിസ്ഥാനആശയങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തമാക്കുന്നു.

5. സയൻസ് ക്ലബ്ബും ശാസ്ത്രമേളകളും

സ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന സയൻസ് ക്ലബ്ബുകളിലൂടെയും ശാസ്ത്രമേളയിലെ വിവിധ ഇനങ്ങളിലൂടെയും കുട്ടികളിൽ ശാസ്ത്രശാഖകളുടെ പ്രായോഗിക അനുഭവങ്ങൾ ലഭിക്കുന്നു.

6. ഫീൽഡ് ട്രിപ്പുകൾ, പ്രകൃതി നിരീക്ഷണങ്ങൾ, സസ്യശാസ്ത്ര ഉദ്യാനങ്ങൾ, ശാസ്ത്ര ഗവേഷ സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കൽ തുടങ്ങിയവയിലൂടെ കുട്ടികളിൽ പ്രായോഗിക അറിവ് ലഭിക്കുന്നു.